3. ട്രൈബൽ ഉപദേശക സമിതികൾ നിലവിൽ വരും.

4. 1996-ലെ പഞ്ചായത്ത് (എക്സ്റ്റൻഷൻ ഓഫ് ഷെഡ്യൂൾഡ് ഏരിയ) നിയമം ഷെഡ്യൂൾഡ് ഏരിയായിൽ ബാധകമാക്കുമ്പോൾ പ്രസ്തുത നിയമപ്രകാരമുള്ള പ്രത്യേക ആനുകൂല്യങ്ങളും ലഭ്യമാകും.

സ്ത്രീ പീഡന പെൺവാണിഭ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം

5. [*5] ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

,, പി. കെ. ശ്രീമതി ടീച്ചർ

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീ പീഡന-പെൺവാണിഭ കേസുകൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സ്ത്രീ പീഡന കേസുകളും പെൺവാണിഭ കേസുകളും കൈകാര്യം ചെയ്യുന്നതിന് പോലീസിൽ എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് നടന്ന ഏതെല്ലാം പെൺവാണിഭ സ്ത്രീ പീഡന കേസുകളെക്കുറിച്ചാണ് അന്വേഷണം നടക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഇ) ഏതെല്ലാം കേസുകളുടെ കുറ്റപത്രമാണ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സ്ത്രീ പീഡന-പെൺവാണിഭ കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും കുറ്റപത്രം സമർപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നതുമൂലവും കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് നടന്ന പെൺവാണിഭ-സ്ത്രീപീഡന കേസുകളിൽ ഏതെല്ലാം കേസുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഇത്തരം കേസുകൾ ചുരുക്കം ചില ജില്ലകളിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി), (സി) ഒരു പോലീസ് സൂപ്രണ്ടിന്റെ ചുമതലയിൽ കേരളാ വനിതാ സെല്ലും, 17 ജില്ലാ പോലീസ് ആസ്ഥാനങ്ങളിൽ വനിതാ സെല്ലുകളും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ സ്ത്രീ പീഡന കേസുകളുടെയും പെൺവാണിഭ കേസുകളുടെയും അന്വേഷണം ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ നേരിട്ടുള്ള ചുമതലയിൽ നടത്തി വരുന്നുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാർ പ്രവർത്തിക്കുന്ന വനിതാ ഡെസ്ക്കുകൾ സ്ഥാപിക്കുവാൻ സത്വര നടപടികൾ എടുത്തുവരുന്നു. ഇതിനു പുറമെ എല്ലാ ജില്ലകളിലുമായി പോലീസ് സൂപ്രണ്ട്/കമ്മീഷണർമാരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ കേരള റെയിഡ്പേഴ്സ് എന്ന പേരിൽ ആധുനിക ഉപകരണങ്ങൾ ഘടിപ്പിച്ച 150 മോട്ടോർ സൈക്കിൾ ടീമുകൾ വിന്യസിച്ചിട്ടുണ്ട്. കൂടാതെ 1485 വനിതാ പോലീസുകാരെ പുതുതായി റിക്രൂട്ട് ചെയ്ത് വനിതാ സേനാംഗങ്ങളുടെ എണ്ണം സംസ്ഥാന പോലീസ് സേനയുടെ ആകെ അംഗബലത്തിന്റെ 10% ആയി വർദ്ധിപ്പിച്ച് എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ഡി) 1. തിരുവനന്തപുരം മെഡിക്കൽ കോളേജ് പി. എസ്. ക്രൈം. 364/05.
2. വഞ്ചിയൂർ പി. എസ്. ക്രൈം. 273/05.
3. വഞ്ചിയൂർ പി. എസ്. ക്രൈം. 323/05.
4. നെടുമങ്ങാട് പി. എസ്. ക്രൈം. 186/03.
5. കൊട്ടിയം പി. എസ്. ക്രൈം. 197/04.
(ക്രൈംബ്രാഞ്ച് നം 382/സി. ആർ./കെ.എൽ.എം./05)
6. വിയ്യൂർ പി. എസ്. ക്രൈം. 655/05.
7. നടക്കാവ് പി. എസ്. ക്രൈം. 420/02.
8. നടക്കാവ് പി. എസ്. ക്രൈം. 486/02.
9. കോഴിക്കോട് വനിതാ പി. എസ്. ക്രൈം. 29/02.
10. കോഴിക്കോട് വനിതാ പി. എസ്. ക്രൈം. 18/03.
11. കുമരകം പി. എസ്. ക്രൈം. 188/04.
(സി. ബി. ഐ. അന്വേഷണത്തിൽ ആണ്).
12. തൊപ്പുംപടി പി. എസ്. ക്രൈം. 206/02.
(കേസന്വേഷണം പൂർത്തിയായെങ്കിലും ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളതിനാൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല).

(ഇ) 47 കേസുകളുടെ കുറ്റപത്രമാണ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളത്. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എഫ്) സ്ത്രീ പീഡന-പെൺവാണിഭ കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും അന്വേഷണം പൂർത്തിയാക്കുന്നതിനും കുറ്റപത്രം സമർപ്പിക്കുന്നതിനും, കാലതാമസം നേരിടുന്നതായോ അതുമൂലം കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ പോകുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) വിവരം ശേഖരിച്ചുവരുന്നു.

---

†-അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[6-2-2006-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 5 (5) ദയവായി കാണുക]

കുറ്റപത്രം സമർപ്പിച്ച കേസുകളുടെ വിവരങ്ങൾ

1.	മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ		കൈം നം.	208/01
2.		..	..	214/01
3.		..	..	367/01
4.		..	..	228/02
5.		..	..	281/02
6.		..	..	17/03
7.		..	..	12/04
8.		..	..	596/05
9.		..	..	650/05
10.		..	..	655/05
11.	പേട്ട	..	..	104/04
12.	തമ്പാനൂർ	..	..	282/04
13.	പൂജപ്പുര	..	..	83/04
14.	..	..	..	331/04
15.	പേരൂർക്കട	..	..	256/04
16.	..	..	..	329/01
17.	..	..	..	91/03
18.	തിരുവല്ലം	..	..	105/01
19.	..	..	..	97/03
20.	വെഞ്ഞാറമൂട്	..	..	13/02
21.	കഴക്കൂട്ടം	..	..	130/03
22.	വെള്ളറട	..	..	338/03

LIBRARY ARCHIVES Kerala Legislative Assembly

23.	നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ	ക്രൈം നം.	97/02
24.	ചാത്തന്നൂർ ,,	,,	4/03
25.	പരവൂർ ,,	,,	364/04
26.	ചേർത്തല ,,	,,	454/03
27.	തൃശ്ശൂർ വെസ്റ്റ് ,,	,,	400/02
28.	ചാലക്കുടി ,,	,,	334/03
29.	ഇരിഞ്ഞാലക്കുട ,,	,,	75/04
30.	ഗുരുവായൂർ ,,	,,	333/04
31.	പേരാമംഗലം ,,	,,	235/04
32.	കുന്ദംകുളം ,,	,,	509/04
33.	,, ,,	,,	536/04
34.	വിയ്യൂർ ,,	,,	629/04
35.	തൃശ്ശൂർ ഈസ്റ്റ് ,,	,,	764/04
36.	ഒല്ലൂർ ,,	,,	413/01
37.	മണ്ണുത്തി ,,	,,	307/01
38.	ചാലക്കുടി ,,	,,	347/03
39.	,, ,,	,,	548/04
40.	കൊടുങ്ങല്ലൂർ ,,	,,	542/03
41.	ചേർപ്പ് ,,	,,	340/04
42.	എടക്കര ,,	,,	217/04
43.	നടക്കാവ് ,,	,,	285/05
44.	കണ്ണൂർ ടൗൺ ,,	,,	136/05
45.	കാസർഗോഡ് ,,	,,	63/05
46.	,, ,,	,,	441/05
47.	ചന്തേര ,,	,,	38/04

LIBRARY ARCHIVES Kerala Legislative Assembly